സദാ പ്രതീക്ഷിച്ചിരിക്കാം: രോഗബാധയുടെ കാലത്ത് ലോകത്തിനു പ്രതീക്ഷയേകുന്നത് സാന്ത്വനവഴിയിൽ സ്വയം സമർപ്പിതരായ ആരോഗ്യപ്രവർത്തകരാണ്. അവരുടെ നിറമനസ്സുകൾക്കു സമൂഹത്തിന്റെ സല്യൂട്ട്. പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ നിന്നൊരു കാഴ്ച. ചിത്രം: റിങ്കുരാജ് മട്ടാഞ്ചേരിയിൽ ● മനോരമ

ജനതാ കർഫ്യൂ
അറിയേണ്ടതെല്ലാം

അത്യാവശ്യ സാഹചര്യങ്ങളിൽ ആർക്കൊക്കെ പുറത്തിറങ്ങാം?

■ ആളുകൾ സ്വമേധയാ വീടിനുള്ളിൽ തങ്ങാനാണ് ആഹ്വാനം. രോഗ ബാധിതർക്കും മറ്റ് അത്യാവശ്യക്കാർക്കും സേവനങ്ങൾ പഴയതുപോലെ ലഭിക്കുമെന്നു കലക്ടർ പി.കെ. സുധീർബാബു അറിയിച്ചു.

അത്യാവശ്യം വന്നാൽ ആരെ വിളിക്കണം?

■ പൊലീസ്, ഫയർഫോഴ്സ്, ആംബുലൻസ് തുടങ്ങിയ അവശ്യ സർവീസുകൾ പതിവുപോലെ പ്രവർത്തിക്കും.

വാഹനം ഓടിക്കാമോ?

■ കർഫ്യൂ ആചരിക്കാൻ നിർദേശമുള്ള സാഹചര്യത്തിൽ യാത്രകൾ ഒഴിവാക്കുന്നതാവും ഉചിതമെന്ന് എസ്പി ജി. ജയദേവ് അറിയിച്ചു.

ആശുപത്രികൾ പ്രവർത്തിക്കുമോ?

■ അവശ്യ സർവീസ് ആയതിനാൽ ആശുപത്രികൾ തുറന്നു പ്രവർത്തിപ്പിക്കണമെന്നു നിർദേശമുണ്ട്. കോവിഡ് 19 ടീമിന്റെ ഫീൽഡ് ആക്ടിവിറ്റികൾ തുടരുമെന്നു ഡിഎംഒ ജേക്കബ് വർഗീസ് അറിയിച്ചു.

ഹോട്ടലുകൾ പ്രവർത്തിക്കുമോ? ഭക്ഷണം വാങ്ങാനാകുമോ?

■ ജില്ലയിലെ എല്ലാ ഹോട്ടലുകളും അടച്ചിടുമെന്ന് ഹോട്ടൽ ആൻഡ് റസ്റ്ററന്റ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് കെ.കെ ഫിലിപ്പ് കുട്ടി, സെക്രട്ടറി എൻ.പ്രതീഷ് എന്നിവർ അറിയിച്ചു.

വൈദ്യുതി, വെള്ളം വിതരണം തടസ്സപ്പെടുമോ?

■ അവശ്യ സർവീസുകൾ തടസ്സപ്പെടില്ല. ജോലിക്കു ഹാജരാകുന്ന ലൈൻമാൻമാരുടെ എണ്ണം കുറവായിരിക്കുമെന്ന് കെഎസ്ഇബി അറിയിച്ചു.

തട്ടുകടകൾ തുറക്കുമോ?

■ ഹോട്ടലുകൾക്കൊപ്പം തട്ടുകടകളും അടഞ്ഞുകിടക്കും.

?

പെട്രോൾ പമ്പുകൾ തുറക്കുമോ?

■ ജില്ലയിലെ 155 പെട്രോൾ പമ്പുകൾ പ്രവർത്തിക്കില്ലെന്ന് പമ്പ് ഉടമകളുടെ സംഘടന അറിയിച്ചു.

മെഡിക്കൽ സ്റ്റോറുകൾ തുറക്കുമോ?

■ സാധാരണ നിലയിൽ തുറന്നു പ്രവർത്തിക്കില്ല. ഡയാലിസിസ് ഉൾപ്പെടെ അത്യാവശ്യങ്ങൾക്ക് മരുന്നുകൾ എടുത്തു നൽകും.

കോവിഡിനെ നേരിടാം



പകരാതെ, പതറാതെ

കോട്ടയം ● ജില്ലയിൽ 10 പേർക്കു കൂടി കൊറോണ വൈറസ് ബാധയില്ലെന്നു സ്ഥിരീകരിച്ചു. ഇതിൽ നാലു പേർ വിദേശികളാണ്.

കൊറോണ വ്യാപനം തടയുന്നതിനുള്ള വകുപ്പുതല നിർദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനൊപ്പം ജില്ലയിലെ പൊതുസ്ഥലങ്ങൾ അണുവിമുക്തമാക്കി ശുചീകരിക്കണമെന്നു മന്ത്രി പി.തിലോത്തമൻ പറഞ്ഞു.

ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങി ആളുകൾ കൂടുതലായി എത്തുന്ന സ്ഥലങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പ്രേയർ ഉപയോഗിച്ച് അണു നശീകരണം നടത്തണമെന്നും സർക്കാർ ഓഫിസുകളിൽ അണു നശീകരണം നടത്തുന്നുണ്ടെന്ന് മേധാവികൾ ഉറപ്പാക്കണമെന്നും മന്ത്രി നിർദേശിച്ചു.

കലക്ടർ പി.കെ.സുധീർ ബാബു, ജില്ലാ പൊലീസ് മേധാവി ജി.ജയ്ദേവ്, എഡിഎം അനിൽ ഉമ്മൻ, ജില്ലാ മെഡിക്കൽ ഓഫിസർ ഡോ.ജേക്കബ് വർഗീസ്, നഗരസഭ സെക്രട്ടറി ഇ.ടി.സുരേഷ് കുമാർ എന്നിവർ പ്രസംഗിച്ചു.

തിരുവാർപ്പ് പഞ്ചായത്തിൽ മന്ത്രി പി. തിലോത്തമൻ സന്ദർശനം നടത്തി. പൊതുസമ്പർക്കമില്ലാതെ കഴിയുന്ന ഒരു കുടുംബവുമായി മന്ത്രി സംസാരിച്ചു.

കരുതലോടെ നാം

ജില്ലയിൽ 10 പേരുടെ ഫലം വന്നു; നെഗറ്റീവ്

ആശുപത്രി നിരീക്ഷണത്തിൽ കഴിയുന്നവർ ആകെ	ഇന്നലെ ഹോം ക്വാറന്റീൻ നിർദേശിക്കപ്പെട്ടവർ	റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലും ഇന്നലെ പരിശോധനയ്ക്ക് വിധേയരായ യാത്രക്കാർ
5	267	2841

ആവോളമുണ്ട്, ആധി വേണ്ട: കോട്ടയം മാർക്കറ്റിലെ മൊത്ത അരി വിതരണ കേന്ദ്രങ്ങളിൽ ഒന്നിലെ ഗോഡൗൺ.

വൈക്കം ക്ഷേത്രത്തിൽ ദർശന നിയന്ത്രണം

വൈക്കം ● മഹാദേവ ക്ഷേത്രത്തിൽ ഭക്തർക്ക് നിയന്ത്രണം ഏർപ്പെടുത്തി. 31 വരെ ക്ഷേത്രത്തിൽ ഭക്തർക്ക് പ്രവേശനം ഉണ്ടാവില്ല. നാലു ഗോപുര നടകളും അടയ്ക്കും.

ചടങ്ങുകൾ മാത്രം നടത്തും. അന്നദാനം, പ്രാതൽ, അത്താഴ ഊട്ട് എന്നിവ ഉണ്ടാവില്ല.

ഇന്നു രാവിലെ 6നു ക്ഷേത്രനട തുറന്ന് പൂജകൾ പൂർത്തിയാക്കി 7ന് അടയ്ക്കും. വൈകിട്ട് 5.30നു നട തുറന്ന് 7.30ന് അടയ്ക്കും. ഉദയനാപുരം സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിലും തൃപ്പക്കുടം മഹാദേവ ക്ഷേത്രങ്ങളിലും ഉത്തരവ് ബാധകമാണ്.

ഏറ്റുമാനൂർ ക്ഷേത്രത്തിൽ ദർശനമില്ല

ഏറ്റുമാനൂർ ● മഹാദേവ ക്ഷേത്രത്തിൽ 31 വരെ ഭക്തർക്കു ദർശനം ഉണ്ടാവില്ല. പൂജകൾ രാവിലെ 6 മുതൽ 10 വരെയും 5.30 മുതൽ 7.30 വരെയും നടത്തും.

ആദിത്യപുരം സൂര്യ ക്ഷേത്രത്തിൽ ഇന്ന് പ്രവേശനമില്ല

കടുത്തുരുത്തി ● ആദിത്യപുരം സൂര്യക്ഷേത്രത്തിൽ ഇന്ന് ഭക്തർക്ക് പ്രവേശനം ഉണ്ടാവില്ല. പൂജകൾ പതിവു പോലെ നടക്കുമെന്ന് ദേവസ്വം മാനേജർ കൃഷ്ണൻ നമ്പൂതിരി അറിയിച്ചു.

സുരക്ഷാ മുൻകരുതലിന്റെ ഭാഗമായി മുഖാവരണം ധരിക്കുന്ന കോട്ടയം ഒരുമ ട്രാൻസ്ജെൻഡർ കെയർ ഹോമിലെ അന്തേവാസികൾ.

അരി ആവശ്യത്തിനുണ്ട്, വില കൂട്ടുന്നില്ല; ആരും തിരക്കു പിടിക്കേണ്ട

കോട്ടയം ● 'അരി ആവശ്യത്തിനുണ്ട്, വില കൂട്ടുന്നില്ല. അതിനാൽ ആരും തിരക്കു പിടിക്കേണ്ട.' ഇന്നലെ നഗരത്തിലെ ചില കടകളിൽ തൂക്കിയ ബോർഡുകളിലൊന്നാണിത്. ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്കുണ്ടെന്ന് അധികൃതരും ഉറപ്പു തരുന്നു. പിന്നെന്തിനാണു തിരക്ക് കൂട്ടുന്നത്. ആൾക്കൂട്ടം വരുന്നതു കോവിഡ് ബാധയ്ക്ക് വഴിയൊരുക്കുകയും ചെയ്യും.

ഒന്നര മാസത്തേക്കുള്ള റേഷൻ സാധനകൾ സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്ന് പൊതു വിതരണ വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു.

ഓരോ താലൂക്കിലും 150 മുതൽ 350 റേഷൻ കടകൾ ഉണ്ട്. കഞ്ഞികുടി മുട്ടില്ലെന്നു ചുരുക്കം. ജില്ലയിൽ 1002 റേഷൻ കടകളുണ്ട്. 90 ചാക്ക് (45 ക്വിന്റൽ) മുതൽ 180 ചാക്ക് (90 ക്വിന്റൽ) ഭക്ഷ്യധാന്യ ശേഖരമുണ്ട് ഓരോ കടകളിലും. മേയ് വരെ ആവശ്യമായ വിധത്തിൽ എഫ്സിഐ ഗോഡൗണുകളിൽ ധാന്യം ശേഖരിക്കാൻ സർക്കാർ നിർദേശം നൽകി.

■ പെട്രോൾ, ഡീസൽ

ക്ഷാമമില്ല. 159 പമ്പുകളും സജ്ജം. ദിവസം ശരാശരി 4000 ലീറ്റർ ഡീസലും 8,000 ലീറ്റർ പെട്രോളും എത്തുന്നു. ഇന്നലെയും ലോഡ് വന്നു. 300 ലോറികളാണ് ദിവസം വരുന്നത്. 36 ലക്ഷം ലീറ്റർ ഇന്ധനം വിൽക്കുന്നു. ഇന്ന് ഏതാനും പമ്പുകൾ അടച്ചിടുമെന്നു മാത്രം.

പച്ചക്കറി ദിവസം ശരാശരി 16 ടൺ പച്ചക്കറി എത്തുന്നുണ്ട്.

ഇന്നലെയും എത്തി. കർണാടക, തമിഴ്നാട് പച്ചക്കറി വരവിൽ കുറവില്ല. വില അൽപം കൂടിയെന്നു മാത്രം.

■ പഴവർഗങ്ങൾ

2 ദിവസം കൂടുമ്പോഴാണ് പഴങ്ങൾ വരുന്നത്. 10 ടൺ പഴങ്ങൾ എത്തും. ആളുകൾ കുറഞ്ഞതോടെ വിൽപന അൽപം കുറഞ്ഞു.

കോട്ടയം നഗരത്തിലെ കടയിൽ അരി സ്റ്റോക്കുണ്ടെന്ന് എഴുതിയ ബോർഡ്.

" കഴിഞ്ഞ ദിവസം ജില്ലയിൽ ഭക്ഷ്യ വസ്തുക്കളുടെ സ്റ്റോക്കെടുത്തിരുന്നു. പൊതുവിതരണ വിഭാഗത്തിലെയും സ്വകാര്യ ഗോഡൗണുകളിലെയും കണക്കെടുത്തു. ഏപ്രിൽ വരെ ആവശ്യമായ സ്റ്റോക്ക് ഉണ്ട്. ആരും ആശങ്കപ്പെടേണ്ട കാര്യമില്ല.

■ **പി.കെ. സുധീർ ബാബു, കലക്ടർ**

കലാസ്നേഹികളേ, അരങ്ങിൽ രംഗബോധമില്ലാത്ത കോവിഡ്

കോട്ടയം ● സഹൃദയരേ, കലാസ്നേഹികളേ... വില്ലനായി കോവിഡ് രംഗപ്രവേശം ചെയ്തതിനാൽ ഈ കലാരൂപവും അതിനു പിന്നിലെ പ്രവർത്തകരും അണിയറയിലേക്കു നീങ്ങുന്നു. കോവിഡിനു ശേഷം അടുത്ത ബെല്ലോടെ നാടകം ആരംഭിക്കും. കേരളത്തിനു തെക്കും വടക്കും പേരു കൊണ്ട് പെരുമ നേടിയ ഒട്ടേറെ കലാസമിതികൾ ജില്ലയിലുണ്ട്. ഉത്സവങ്ങളും പെരുന്നാളുകളും കോവിഡിൽ മുങ്ങിയപ്പോൾ ഇവർ അണിയറയിൽ കാത്തിരിക്കുന്നു. ഈ ഉത്സവകാലം ഇവർക്കു നഷ്ടം.

പുഞ്ഞാർ 'നവധാര'യ്ക്ക് ഏറ്റവും തിരക്കുള്ള മാസങ്ങളാണ് മാർച്ചും ഏപ്രിലും. മാർച്ച് 9 വരെ പ്രോഗ്രാമുകൾ ചെയ്തു. പിന്നീട് ബുക്കിങ് ഉണ്ടായിരുന്ന 9 പ്രോഗ്രാമുകൾ റദ്ദാക്കി. ഏപ്രിലിൽ 12 ബുക്കിങ്ങുണ്ട്. ഇപ്പോൾ 2 എണ്ണം റദ്ദായി. 25 പേരാണ് ഈ ഗാനമേള ട്രൂപ്പിൽ പ്രവർത്തിക്കുന്നത്.

ഇതിൽ 21 പേരും പൂർണമായി ഈ ട്രൂപ്പിനെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവരാണ്. എല്ലാ മേഖലകളിലും പ്രതിസന്ധിയായതിനാൽ മറ്റു തൊഴിലിനെ ആശ്രയിക്കാനുമാവില്ലെന്നു ട്രൂപ്പ് ഉടമ ബോബൻ വർക്കി പറയുന്നു.

ചങ്ങനാശേരി 'അണിയറ'യുടെയും അവസ്ഥ ഇതു തന്നെ. ജനുവരി മുതൽ മേയ് വരെ നീളുന്ന ഉത്സവ സീസണിലാണ് നാടക സമിതികൾ വരുമാനം കണ്ടെത്തിയിരുന്നത്. 8 ലക്ഷം രൂപയെങ്കിലും മുടക്കിയാണ് ഒരു നാടകം അരങ്ങിലെത്തിക്കുന്നതെന്ന് ഉടമ ഷൗക്കത്തലി പറഞ്ഞു. പണം പലിശയ്ക്കെടുത്താണു നാടകം ഇറക്കിയിരുന്നത്. ഓണക്കാലം ലക്ഷ്യമാക്കി പുതിയ നാടകം രൂപപ്പെടുത്തിയാലേ താൽക്കാലം പിടിച്ചു നിൽക്കാനാവൂ. വൈക്കം 'മാളവി'കയ്ക്ക് മാർച്ചിൽ നഷ്ടമായത് 22 ബുക്കിങ്. 16 പേരാണ് ഈ ട്രൂപ്പിലെ അംഗങ്ങൾ. ഉത്സവ സീസൺ ലക്ഷ്യമിട്ട് 12 ലക്ഷം രൂപ ചെലവിട്ടാണു കലാകാരൻമാർക്ക് മാസങ്ങൾ നീണ്ട പരിശീലനം നൽകി പിന്നണി ക്രമീകരണം പൂർത്തിയാക്കിയതെന്ന് ഉടമ പ്രദീപ് മാളവിക പറഞ്ഞു.

മെല്ലെ തെളിയും രംഗപടം

കഥ ഏതായാലും രംഗപടത്തിന്റെ നായകൻ ഒരാൾ. ആർട്ടിസ്റ്റ് സുജാതൻ. കോവിഡ്, സുജാതനെയും വിട്ടില്ല.

കഴിഞ്ഞ സീസണിൽ 26 നാടക ട്രൂപ്പുകളുടെ കഥയ്ക്ക് രംഗപടം ഒരുക്കി. ഇത്തവണ തിരുവനന്തപുരം 'അക്ഷരകല'യുടെ നാടകത്തിന്റെ ചർച്ച മാത്രമാണു നടന്നത്.

പ്രളയക്കെടുതിയാണ് നാടകത്തിന്റെ പ്രമേയം.

സാഹചര്യങ്ങൾ അനുകൂലമായാൽ ഏപ്രിൽ അവസാന വാരം അരങ്ങേറ്റമെന്നാണു തീരുമാനിച്ചതെന്നു സുജാതൻ പറഞ്ഞു.

കൊറോണ എല്ലായിടത്തും വൈറസല്ല

കൊറോണ എന്ന വാക്കു കേട്ടാൽത്തന്നെ ചങ്കിടിക്കും. ഇതേ പേരുള്ള മറ്റു ചില ഉൽപന്നങ്ങൾ ഈ വൈറസ് ജന്മമെടുക്കുന്നതിനു മുൻപേ പ്രചാരത്തിലുണ്ട്.

നോ ചിയേഴ്സ്

ലോകത്ത് ഏറ്റവും അധികം ഉപയോക്താക്കളുള്ള ബീയറുകളിൽ ഒന്നാണ് 'കൊറോണ എക്സ്ട്രാ.' മെക്സിക്കോയിലാണ് ഉൽപാദിപ്പിക്കുന്നത്. അമേരിക്കക്കാരുടെ പ്രിയപ്പെട്ട പാനീയങ്ങളിൽ ഒന്നാണ്. രോഗം പൊട്ടിപ്പുറപ്പെട്ട ശേഷം നിർമാതാക്കൾക്ക് ചൈനയിൽ മാത്രം 1,300 കോടി രൂപയുടെ നഷ്ടമുണ്ടായെന്നു കണക്കുകൾ. 10 വർഷത്തിനിടെ നിർമാതാക്കൾ നേരിട്ട ഏറ്റവും ഭീമമായ നഷ്ടം.

ടൈപ് റൈറ്റർ കൂടെയുണ്ട്

കാന്റീനിൽ കഴിയുന്ന ഹോളിവുഡ് നടൻ ടോം ഹാങ്ക്സ് സമൂഹ മാധ്യമത്തിൽ പങ്കുവച്ച കുറിപ്പ് ആളുകളെ പൊട്ടിച്ചിരിപ്പിച്ചു. കുറിപ്പ് ഇങ്ങനെ: 'ഒഴാഴ്ചയായി ഏകാന്തവാസത്തിലാണു ഞാനും ഭാര്യയും. രോഗ ലക്ഷണങ്ങൾക്കു മാറ്റമില്ല. ചെറിയ ജോലികൾ ചെയ്യുമ്പോൾത്തന്നെ തളർന്നു പോകുന്നു. ഒരിക്കൽ ഞാൻ ഏറെ ഇഷ്ടപ്പെട്ടിരുന്ന ഒരു ടൈപ്പ് റൈറ്ററും ഇവിടെ ഞങ്ങൾക്കൊപ്പമുണ്ട്.' കുറിപ്പിനൊപ്പം പോസ്റ്റു ചെയ്ത ചിത്രത്തിൽ ടൈപ്പ്റൈറ്ററിന്റെ പേര് കൊറോണ!

1920-80 കാലത്ത് ഏറ്റവും അധികം പ്രചാരത്തിലിരുന്ന ടൈപ്പ് റൈറ്ററുകളിൽ ഒന്നാണിത്. എൽസി സ്മിത്ത് കമ്പനിയുടെ കൊറോണ ടൈപ്പ്റൈറ്ററുകളുടെ നിർമാണം 2005ൽ അവസാനിപ്പിച്ചു.

ഹാഫ് എ കൊറോണ

സിലിണ്ടർ ആകൃതിയിയുള്ള നീളൻ ക്യൂബൻ ചുരുട്ടുകൾ 'കൊറോണ' എന്നാണ് അറിയപ്പെടുന്നത്. 6 ഇഞ്ചാണ് ക്യൂബൻ കൊറോണ ചുരുട്ടിന്റെ നീളം. ഡബിൾ കൊറോണ ചുരുട്ടിന് 8.5 ഇഞ്ച് നീളം. പുകച്ചു തീരാൻ സമയമെടുക്കും. ഇനി ചുരുട്ടു പുകയ്ക്കാൻ അത്രയധികം സമയം ഇല്ലാത്തവർക്കായി ഹാഫ് എ കൊറോണ ചുരുട്ടുണ്ട്. ഇതു വലിച്ചാൽ ചിന്തകൾ ഉദ്ദീപ്തമാകുമെന്നു വിശ്വാസം. ഡിക്റ്റേറ്റീവ് നോവലിസ്റ്റ് കോട്ടയം പുഷ്പനാഥിന്റെ നോവലുകളിലെ നായക കഥാപാത്രം ഡിക്റ്റേറ്റീവ് മാർക്സിൻ വലിക്കുന്നത് ഹാഫ് എ കൊറോണ ചുരുട്ടാണ്!